# ഗുരുദർശനത്തിലെ സ്ത്രീ

**ഉദയൻ.എസ്**
ഗവേഷകൻ, എൻ.എസ്.എസ് കോളേജ്, നിലമേൽ, കൊല്ലം

യാതൊരുവിധ ഭേദചിന്തകളും ഇല്ലാത്ത ഏകലോകം സ്വപ്നം കണ്ട്, അതിന്റെ സാക്ഷാത്കാരത്തിനായി പ്രവർത്തിച്ച ദാർശനികനായ സാമൂഹിക പ്രവർത്തകനായിരുന്നു ശ്രീനാരായണഗുരു. ഒരു യോനിയിൽ നിന്നും ജനിച്ച ഒരാകാരമുള്ള മനുഷ്യരെല്ലാം 'മനുഷ്യത്വം' എന്ന ഒറ്റ ജാതിയിൽ പെട്ടതാണെന്ന് അദ്ദേഹം സ്വയം വിശ്വസിക്കുകയും മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. അപ്പോഴും അടിസ്ഥാനപരമായി ഒരു പുരുഷകേന്ദ്രീകൃത സമൂഹത്തിന്റെതന്നെ ഭാഗമായിരുന്ന നാരായണഗുരു ലിംഗപരമായ അസമത്വങ്ങളെ എങ്ങനെയായിരുന്നു അഭിമുഖീകരിച്ചിരുന്നത് എന്നത് പ്രസക്തമായ ചിന്താവിഷയമാണ്. ഗുരുവിന്റെ ജീവിതവും കർമ്മങ്ങളും കൃതികളും ഉപാദാനമാക്കിക്കൊണ്ട് ഗുരുദർശനത്തിൽ പ്രതിഫലിക്കുന്ന സ്ത്രീ ആരായിരുന്നു/ എന്തായിരുന്നു എന്ന് വിശകലനം ചെയ്യാനാണിവിടെ ശ്രമിക്കുന്നത്.

## സമൂഹം

ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ ഗുരു നടപ്പിലാക്കിയ ആചാര പരിഷ്കരണങ്ങളായിരുന്നു സമുദായത്തിൽ താലികെട്ടുകല്യാണം എന്ന പേരിൽ നടന്നിരുന്ന അനാചാരം നിർത്തലാക്കിയതും, തിരണ്ടുകല്യാണം, പുളികുടി ആദിയായ ആചാര ദുർവ്യയങ്ങൾ ഒഴിവാക്കിയതും. വിവാഹത്തിന്റെപേരിൽ നടത്തിയിരുന്ന ആർഭാടങ്ങളേയും

സ്ത്രീധനം ഏർപ്പാടിനേയും അദ്ദേഹം എതിർത്തിരുന്നു. 'സമുദായത്തിൽ പുരുഷന്മാർക്കു മാത്രമല്ല സ്ത്രീകൾക്കും വിദ്യാഭ്യാസമുണ്ടായിരിക്കണം അവരെ ഇപ്രകാരമുള്ള കാര്യങ്ങളിൽ പിന്നോട്ട് തള്ളിവിടരുത്' (ശ്രീ നാരായണഗുരുവിന്റെ കത്തുകളും സന്ദേശങ്ങളും, പു. 93) എന്ന ഗുരുവിന്റെ അഭിപ്രായം പുരോഗമനാത്മകം തന്നെ. ആചാരങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ മുതലായ വിഷയങ്ങളിൽ ഗുരു സ്വീകരിച്ച ഇത്തരം നിലപാടുകൾ ഒരു സാമൂഹികജീവി എന്ന നിലയിൽ സ്ത്രീ സമൂഹത്തെ സംബന്ധിച്ചിടത്തോളം അന്നത്തെ സാഹചര്യത്തിൽ അങ്ങേയറ്റം ആശ്വാസകരവും പില്ക്കാലത്ത് കൈവരിക്കാനായ നേട്ടങ്ങളുടെ അടിത്തറയും ആയിരുന്നു.

കുടുംബം

കുടുംബത്തിനുള്ളിലെ സ്ത്രീയുടെ പദവിയെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും ഗുരുവിന് വ്യക്തമായ കാഴ്ച്ചപ്പാടുണ്ടായിരുന്നു. ഒരു മികച്ച സാമൂഹികവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ കുടുംബത്തിനുള്ളിൽ ഉണ്ടാകേണ്ട സ്ത്രീ പുരുഷ ബന്ധം, സ്വാതന്ത്ര്യം, വിശ്വാസം, ആരോഗ്യം, ഐക്യം, സദാചാരം എന്നിവയെ സംബന്ധിച്ചെല്ലാമുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ സമത്വാധിഷ്ഠിതമാണ്. ബഹുഭാര്യാത്വത്തേയും, ബഹുഭർതൃത്വത്തേയും ഒരുപോലെ വിമർശിച്ചു കൊണ്ടുള്ള ഗുരുവിന്റെ സദാചാരനയവും 'മരുമക്കത്തായം അനുസരിക്കുന്നവരുടെയിടയിൽ സ്വന്തം സമ്പാദ്യത്തിൽ നിന്ന് ഒരു അംശത്തിനെങ്കിലും ഭാര്യയും മക്കളും അവകാശികളായിരിക്കാൻ നിയമം വേണം. അല്ലെങ്കിൽ വിവാഹം നിരർത്ഥകമായിത്തീരും' (ശ്രീനാരായണഗുരുവിന്റെ കത്തുകളും സന്ദേശങ്ങളും, പു.12) എന്ന് വാദിക്കുന്ന അദ്ദേഹത്തിന്റെ സാമ്പത്തിക നയവും കുടുംബ ഭദ്രതയ്ക്ക് ഉതകുന്നതായിരുന്നു. ഗുരുവിന്റെ മദ്യനയവും ഏറ്റവും കൂടുതൽ പ്രയോജനപ്പെട്ടത് സ്ത്രീകൾക്കായിരുന്നിരിക്കണം. അതേസമയം 'ശ്രീനാരായണ ധർമ്മ'ത്തിൽ വിശദീകരിക്കുന്ന സ്ത്രീധർമ്മങ്ങൾ ചാരിത്ര്യം, ഭർത്താവിനെ ദൈവതുല്യം ശുശ്രൂഷിക്കൽ, ശിശുപരിചരണം, ഗൃഹപരിപാലനം, ആർത്തവാശുദ്ധി തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നല്കുമ്പോൾ സ്ത്രീത്വത്തെക്കുറിച്ച് സമൂഹം നിർമ്മിച്ച വാർപ്പുമാതൃകകൾക്കപ്പുറം ഗുരുവും ചിന്തിച്ചിരുന്നില്ലെന്ന് പറയേണ്ടി വരും.

'ഇതിനിടയിൽ മാതാപിതാക്കന്മാരുടേയും മറ്റും നിർബന്ധത്താൽ സ്വാമിക്ക് വിവാഹംകഴിക്കേണ്ടിവന്നു. എന്നാൽ വിഷയസുഖങ്ങൾക്ക് സ്വാമിയെ വ്യാമോഹിപ്പിക്കുവാൻ കഴിഞ്ഞില്ല' (ഗുരു കുമാരനാശാന്റെ ദൃഷ്ടിയിൽ പു. 27) എന്ന് കുമാരനാശാൻ മുൻകൂർ ജാമ്യമെടുക്കുന്ന,

കുറച്ചുകാലം അദ്ദേഹം ദാമ്പത്യജീവിതംനയിച്ചിരുന്നു എന്ന് ചിലർ എതിർവാദം ഉന്നയിക്കുന്ന ഗുരുവിന്റെ സ്വന്തം കുടുംബജീവിതം എന്ന വിവാദ വിഷയം എന്തെങ്കിലും വ്യക്തമായി പറയാൻ ആവശ്യമായ തെളിവുകൾ ലഭ്യമല്ല എന്ന കാരണത്താൽ ഇവിടെ ചർച്ചാ വിഷയമാക്കുന്നില്ല.

സംഘടന

സാമൂഹിക-രാഷ്ട്രീയ പുരോഗതിക്കും നിലനില്പിനും സംഘടിതരായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഗുരു ഉയർത്തി ക്കാട്ടിയിരുന്നു. 'സംഘടിച്ച് ശക്തരാവുക' എന്ന സ്വന്തം സിദ്ധാന്തം ശ്രീനാരായണധർമ്മപരിപാലന യോഗം (എസ്.എൻ.ഡി.പി.യോഗം), ശ്രീനാരായണ ധർമ്മസംഘം (എസ്.എൻ.ട്രസ്റ്റ്), മഠങ്ങൾ, ആശ്രമങ്ങൾ എന്നിവയിലൂടെ ഗുരു പ്രയോഗത്തിൽ വരുത്തി. പക്ഷേ, ഈ സംഘങ്ങളുടെയൊന്നുംതന്നെ നേതൃനിരയിലോ നിർവ്വാഹകസംഘത്തിലോ മറ്റു താക്കോൽസ്ഥാനങ്ങളിലോ സ്ത്രീസാന്നിദ്ധ്യം അന്വേഷിച്ചാൽ നിരാശയായിരിക്കും ഫലം. ഗൃഹസ്ഥശിഷ്യന്മാരും അന്യജാതിക്കാരും ഉൾപ്പെടെ വിപുലമായ ഒരു ശിഷ്യസമ്പത്തുണ്ടായിരുന്ന ഗുരുവിന്റെ ശിഷ്യഗണങ്ങളുടെ കൂട്ടത്തിൽ ഒരു 'ശിഷ്യ'യെ നമുക്ക് കാണാൻ പ്രയാസമാകും. ആലുവ അദ്വൈതാശ്രമത്തിന്റെ ഭാഗമായി ഒരു ധർമ്മസോദരീമഠം അദ്ദേഹം വിഭാവനം ചെയ്യുന്നുണ്ടെങ്കിലും അതും നടപ്പിലായി കാണുന്നില്ല.

ആലുവ അദ്വൈതാശ്രമത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 1918-ൽ ശ്രീലങ്കയിൽ വച്ച് ഗുരു പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിലെ പരാമർശം ഇപ്രകാരമാണ്: "ഇനിയും ഇവയോട് സംബന്ധിച്ച് ഒരു ആശുപത്രിയും സത്രവും കൈത്തൊഴിൽശാലകളും പെൺകുട്ടികൾക്ക് പ്രത്യേകം താമസിച്ച് പഠിക്കുന്നതിനായി കന്യാസ്ത്രീമഠംപോലെ ഒരു ധർമ്മപരിപാലനമഠവും അതോടുചേർന്ന് അനാഥശാലയും സ്ഥാപിക്കേണ്ടത് അത്യാവശ്യമെന്നു കാണുന്നു. ധർമ്മപരിപാലന മഠത്തിന്റെ പ്രത്യേക ആവശ്യകത പെൺകുട്ടികൾക്ക് നിഷ്കർഷമായി ഉണ്ടായിരിക്കേണ്ട സ്വഭാവഗുണം, ആചാരം, ഭാഷാജ്ഞാനം, ശിശുസംരക്ഷണം, ഗൃഹഭരണം, രോഗശുശ്രൂഷ, തുന്നൽപ്പണി ആദിയായി സ്ത്രീകൾക്കുതകുന്ന കൈത്തൊഴിലുകൾ മുതലായവ അഭ്യസിപ്പിച്ച് അവരെ ഗൃഹലക്ഷ്മിയുടേയും ബ്രഹ്മചാരികളുടേയും മാതൃകയാക്കിത്തീർക്കുകയാകുന്നു". (ശ്രീനാരായണ ഗുരുവിന്റെ കത്തുകളും സന്ദേശങ്ങളും,പു.59). ഇവിടെ സ്ത്രീകളേയും തന്റെ ആശ്രമത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുന്ന

എന്നത് ഗുണകരം തന്നെ എങ്കിലും സ്ത്രീകളെ സ്വഭാവഗുണവും ആചാരവും ഭാഷയും ശിശുസംരക്ഷണവും ഗൃഹഭരണവും രോഗശുശ്രൂഷയും കൈത്തൊഴിലുകളും പഠിപ്പിക്കാൻ കന്യാസ്ത്രീമഠം പോലുള്ള ഒരു ധർമ്മപരിപാലനമഠം വിഭാവനം ചെയ്യുമ്പോൾ ഗുരു ഉദ്ദേശിക്കുന്ന സ്ത്രീ, പുരുഷകേന്ദ്രീകൃത സമൂഹത്തിന്റെ പരമ്പരാഗത സങ്കല്പത്തിൽനിന്ന് ഒട്ടും വ്യത്യസ്തയല്ല.

ഭാഷ, സാഹിത്യം

മറ്റു പലതിനുമൊപ്പം എഴുത്തുകാരൻ എന്ന നിലയിലും ശ്രീനാരായണ ഗുരുവിന്റെ അസ്തിത്വം നമുക്കു നിഷേധിക്കാനാവാത്തതാണ്. പദ്യവും ഗദ്യവും വിവർത്തനവുമായി അമ്പതോളം കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്. അവയിലെ ഭാഷ വിശകലനം ചെയ്താൽ കവിതകളും (ദേവീസ്തവങ്ങളൊഴികെ) സന്ദേശങ്ങളും കത്തുകളും ഉൾപ്പെടെ ഘടനാതലത്തിൽ എല്ലായ്പ്പോഴും അഭിസംബോധന ചെയ്യുന്നത് പുരുഷനെ മാത്രമാണ്. അതിൽ സ്ത്രീവിരുദ്ധമായി ഒന്നും ഉണ്ടാവില്ലെങ്കിലും ആ പക്ഷത്തുനിന്നു നോക്കുമ്പോൾ അതു പൂർണ്ണമായും നിസംഗമാണ്. 'ദേവീസ്തവം', 'മണ്ണന്തല ദേവീസ്തവം', 'കാളീനാടകം', 'ജനനീനവരത്നമഞ്ജരി', 'ഭദ്രകാള്യഷ്ടകം' എന്നിങ്ങനെ 5 ദേവീസ്തുതികൾ ഗുരുവിന്റേതായിട്ടുണ്ട്. ഇതിൽ ഭദ്രകാള്യഷ്ടകത്തിലെയും, കാളീനാടകത്തിലെയും ദേവീവർണ്ണനകൾ പഴയ മണിപ്രവാളത്തിന്റെ ചുവടുപിടിച്ചുതന്നെ.

ഗുരുവിന്റെ സ്ത്രീപക്ഷം ഏറ്റവും കൂടുതൽ നിന്ദാപരമാകുന്ന രണ്ടു കൃതികളാണ് 'ശിവശതകവും' 'വൈരാഗ്യദശക'വും. വൈരാഗ്യദശകത്തിലെ പത്തു ശ്ലോകത്തിലും ഗുരുവിന്റെ മുഖ്യശത്രു സ്ത്രീയാണ്. തന്റെ ആത്മീയ വികാസത്തിനു മുന്നിൽ തടസ്സം നില്ക്കുന്ന സ്ത്രീ എന്ന പ്രലോഭനത്തിൽ നിന്നു തന്നെ രക്ഷിക്കാനാണ് ആ കൃതിയിലുടനീളം അദ്ദേഹം ദൈവത്തോട് ആവശ്യപ്പെടുന്നത്.

'അലഞ്ഞു തലയും മുലയുമേന്തിയകതാരിൽ
കലങ്ങിയെഴുമാഴിയുമഴിഞ്ഞരിയ കണ്ണും
വിളങ്ങി വിളയാടി നടകൊള്ളു മിവരോടി-
മ്മലങ്ങളൊഴുകും കുടിലിലാണു വലയുന്നു''

(വൈരാഗ്യദശകം, ശ്ലോകം-4)

എന്നാണ് അദ്ദേഹം വിലപിക്കുന്നത്. ആശയപരമായി നോക്കുമ്പോൾ ഗുരുവിന്റെ കൃതികളിൽ സ്ത്രീ എന്നത് നശ്വരമായ മായാലോകത്തിന്റെ

പ്രതീകമാണ്. അങ്ങനെയുള്ള സ്ത്രീ പരമമായ ജ്ഞാനം, അനശ്വരത തുടങ്ങിയ തന്റെ ലക്ഷ്യങ്ങൾക്കു തടസ്സവുമാണ്. "മനുഷ്യനെ വിഷയങ്ങളോട് ചങ്ങലയില്ലാതെ ബന്ധിക്കുന്ന ഉപാധികളെന്ന നിലയിൽ ഭക്തന്മാർ കാമിനീഗർഹണം നടത്താറുണ്ട്. തമിഴിലും സംസ്കൃതത്തിലും ഇതു തന്നെയാണ് സ്ഥിതി. ആ നിലയ്ക്ക് സ്വന്തം അനുഭവം ഇതിലനുപ്രവേശിച്ചിട്ടുണ്ട് എന്നു പറയാൻ പ്രയാസമാണ്" (ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണ കൃതികൾ, വ്യാഖ്യാനം -ഡോ.ടി.ഭാസ്കരൻ, പു.252) എന്നു പറഞ്ഞ് ഡോ.ടി.ഭാസ്കരൻ ഇതിനെ ന്യായീകരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ വിരുദ്ധ സമീപനം, 'ത്വം ഹി ബ്രഹ്മ' (നീ ബ്രഹ്മം തന്നെയാണ്) എന്നും 'മനുഷ്യാണാം മനുഷ്യത്വം' (മനുഷ്യന് മനുഷ്യത്വം എന്ന ഒറ്റ ജാതിയേ ഉള്ളു)എന്നും പിന്നീട് ഗുരു പറയുമ്പോൾ ഈ 'ബ്രഹ്മ' സങ്കല്പത്തിലും 'മനുഷ്യത്വ'വാദത്തിലും അകത്താണോ പുറത്താണോ സ്ത്രീ എന്ന ആശയക്കുഴപ്പം അനുവാചകരിൽ സൃഷ്ടിക്കും. അതേ സമയം 'ജനനീനവരത്നമഞ്ജരി' എന്ന കൃതി ജ്ഞാനത്തിന്റേയും സൃഷ്ട്യുന്മുഖതയുടേയും അനശ്വരതയുടേയും പ്രതീകമായി 'ദേവി'യെ വാഴ്ത്തുന്നുമുണ്ട്.

സംന്യാസം

വൈഷയികതയുടെ പ്രതീകമായി സ്ത്രീയെ കാണുന്നത് ആത്മീയാചാര്യന്മാരുടെ പൊതുരീതിയാണ്. അപ്പോൾ അദ്വൈതദർശനത്തിലും പരബ്രഹ്മസിദ്ധാന്തത്തിലും എവിടെയാണ് മനുഷ്യ വർഗ്ഗത്തിൽ പകുതിയായ സ്ത്രീയുടെ സ്ഥാനം എന്ന ചോദ്യം അവശേഷിക്കും. 'ശ്രീനാരായണഗുരുധർമ്മ' ത്തിൽ സന്യാസം വിശദീകരിക്കുമ്പോൾ

'ശാന്ത്യാദി സാധനവതീ
നിത്യാനിത്യ വിവേകിനീ
വിരക്തി ഭരിതായോഷിത്
പുംവത് സംന്യാസമർഹതി'

ശാന്തി തുടങ്ങിയ സാധനകളും നിത്യാനിത്യ വിവേകവും ഉള്ളവളും വിരക്തി ഭരിതയുമായ സ്ത്രീ പുരുഷനെപ്പോലെ സംന്യാസം അർഹിക്കുന്നു. (ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ, വ്യാഖ്യാനം: ഡോ.ടി. ഭാസ്കരൻ, പു. 656) എന്ന് പ്രതിപാദിക്കുന്നുണ്ട്. സ്ത്രീ സംബന്ധമായ ഗുരുവീക്ഷണം അവസാനഘട്ടത്തിൽ സമത്വാധിഷ്ഠിതമായി തുടങ്ങിയിരുന്നു വെന്നതിന് തെളിവാണിത്.

ഈ വിശകലനങ്ങളിൽനിന്ന് എത്തിച്ചേരാവുന്ന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു :

» ഭേദചിന്തകളില്ലാത്ത, തുല്യനീതി നിലനിൽക്കുന്ന ഒരു സമൂഹം വിഭാവന ചെയ്യുമ്പോഴും അതിനായി പ്രവർത്തിക്കുമ്പോഴും ലിംഗ സമത്വം/ ലിംഗനീതി എന്നൊരു വിഷയം ശ്രീനാരായണഗുരുവിന്റെ മുമ്പിലുണ്ടായിരുന്നില്ല.

» ഗുരുവിന്റെ ദർശനങ്ങളും കർമ്മങ്ങളും സാമൂഹിക തലത്തിൽ സ്ത്രീയുടെ പദവിയെ പരിഷ്കൃതമാക്കി. അതേസമയം പുരുഷ കേന്ദ്രീകൃത സമൂഹം സൃഷ്ടിച്ച വാർപ്പ് മാതൃകകളെ അത് ഒരു വിധത്തിലും അതിലംഘിക്കുന്നുമില്ല.

» കുടുംബത്തിനുള്ളിലെ ആദർശ സ്ത്രീ മാത്രമായിരുന്നു അദ്ദേഹത്തിന്റെ ചിന്താവിഷയം. പൊതു ഇടത്തിലെ സ്ത്രീ ഗുരുദർശനത്തിന്റെ ഭാഗമല്ല.

» ആദ്യകാല കൃതികളെന്ന നിലയിൽ 'വൈരാഗ്യദശക'ത്തിനും (1884) 'ശിവശതക'ത്തിനും (1888) അമിതപ്രാധാന്യം നൽകേണ്ടതില്ലെങ്കിലും ഗുരുവിന്റെ കൃതികളിലെ ദർശനം പൊതുവേ സ്ത്രീ സൗഹാർദ്ദപരമല്ല.

» പൊതുവിൽ നോക്കുമ്പോൾ മറ്റ് പല വിഷയങ്ങളിലും കാലത്തിനു മുമ്പേ നടന്നുവെങ്കിലും ലിംഗനീതി എന്ന വിഷയത്തിൽ കാലത്തിനൊപ്പം നടക്കാനേ ശ്രീനാരായണഗുരുവിന് കഴിഞ്ഞിട്ടുള്ളൂ.

സഹായക ഗ്രന്ഥങ്ങൾ

1. ഗുരു കുമാരനാശാന്റെ ദൃഷ്ടിയിൽ, ഡി.സി.ബുക്സ്, കോട്ടയം, 1993.
2. ഭാസ്കരൻ.ടി.ഡോ., ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണകൃതികൾ, മാതൃഭൂമി ബുക്സ്, 2004.
3. ലാൽസലാം.എ (എഡിറ്റർ), ശ്രീനാരായണഗുരുവിന്റെ കത്തുകളും സന്ദേശങ്ങളും, മൈത്രി ബുക്സ്, 2012.
4. വിജയാലയം ജയകുമാർ. ഡോ., ശ്രീനാരായണഗുരു ഒരു സമഗ്രപഠനം, ശ്രീനാരായണ ഗവേഷണ കേന്ദ്രം, 1993.
5. ഷാജി.കെ.എൻ, ശ്രീനാരായണഗുരു, കറന്റ് ബുക്സ്, 2002.